## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** | **24-08-2022 - ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വൈദ്യുതി വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുനിസിപ്പാലിറ്റികളുടെ വൈദ്യുതി വികസന പദ്ധതികളായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം , ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം എന്നീ പദ്ധതികളിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഉൾപ്പെട്ടിട്ടില്ല.<br><br>സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന statutory town പട്ടികയിൽ ഉൾപ്പെടുന്ന ടൗണുകളെയാണ് പദ്ധതി രൂപരേഖ പ്രകാരം ടൗണുകൾ അടിസ്ഥാന ഘടകങ്ങളായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ R-APDRP (2008), IPDS (2014) എന്നിവയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പട്ടികയിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിരുന്നില്ല.<br><br>പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മഞ്ചേരി സർക്കിളിനു കീഴിൽ ജനസാന്ദ്രത കൂടിയ പെരിന്തൽമണ്ണ, മഞ്ചേരി ടൌണുകളെയാണ് RAPDRP, IPDS പദ്ധതികളിൽ ഉൾപ്പെടുത്തിയത്. |
| (ബി) | കോഴിക്കോട് വിമാനത്താവളമടക്കം ഒട്ടേറെ സ്ഥാപനങ്ങൾ ഉൾകൊള്ളുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിൽ ഒരു സ്പെഷ്യൽ പാക്കേജോ അല്ലെങ്കിൽ ബോർഡ് ബജറ്റിൽ പ്രത്യേക പാക്കേജോ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെടുന്ന കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷനിൽ RDSS പദ്ധതിയിൽ 6.03979 കോടി രൂപയും ബോർഡ് ബജറ്റിൽ (ദ്യുതി 2 – പദ്ധതി 2022-23 മുതൽ 2026-27 വരെ) 7.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ